**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1060** | **06-10-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ കാലാവസ്ഥ മുന്നറിയിപ്പിനെ തുടർന്ന് മത്സ്യത്തൊഴിലാളികൾക്ക് എത്ര ദിവസമാണ് മത്സ്യബന്ധനത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നത്; ട്രോളിങ് നിരോധനം കൂടി ഉൾപ്പെടുത്തിയാൽ ഏകദേശം എത്ര ദിവസത്തെ വിലക്കാണ് മത്സ്യബന്ധനത്തിന് പ്രസ്തുത കാലയളവിൽ ഉണ്ടായിരുന്നത്; വ്യക്തമാക്കുമോ; | (എ) | കഴിഞ്ഞ മൂന്ന വർഷത്തിനിടയിൽ കാലാവസ്ഥാ മുന്നറിയിപ്പ് മൂലം മത്സ്യത്തൊഴിലാളികൾക്ക് ആകെ 203 ദിവസമാണ് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിരുന്നത്. സംസ്ഥാനത്ത് 2018 മുതൽ 52 ദിവസമാണ് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിവരുന്നത്. 2018 മുതൽ 2020 വരെ 3 വർഷക്കാലത്ത് ആകെ 156 ദിവസമാണ് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയിരുന്നത്. ട്രോളിംഗ് നിരോധന കാലത്ത് ട്രോൾ നെറ്റ് ഉപയോഗിക്കുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങൾക്ക് മാത്രമേ വിലക്ക് ഉണ്ടായിരുന്നുള്ളു. |
| (ബി) | ഈ ദിവസങ്ങളിലെ വരുമാനനഷ്ടത്തിന് ആനുപാതികമായി ഏതെങ്കിലും തരത്തിലുള്ള സാമ്പത്തികസഹായമോ നഷ്ടപരിഹാരമോ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | 2021-ൽ പ്രകൃതി ക്ഷോഭത്തിന്റെയോ കടൽ ക്ഷോഭത്തിന്റെയോ ഫലമായി തുടർച്ചയായി മത്സ്യബന്ധന വിലക്ക് ഏർപ്പെടുത്തുന്ന ദിവസങ്ങളിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യ തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ടൗട്ടേ ചുഴലിക്കാറ്റ് സമയത്ത് പ്രതിദിനം 200 രൂപ വീതം ധനസഹായം നല്കിയിട്ടുണ്ട്. ഇത് കൂടാതെ പ്രസ്തുത ദിവസങ്ങളിലേക്ക് സൗജന്യ റേഷനും, ഭക്ഷ്യ കിറ്റുകളും നൽകിയിട്ടുണ്ട്. ട്രോളിംഗ് നിരോധന കാലത്തു തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യതൊഴിലാളി കൾക്കും, അനുബന്ധ തൊഴിലാളി കൾക്കും, പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകി വരുന്നുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതിയിൻ കീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യ തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഈ കാലയ ളവിൽ 4500/- രൂപ ധന സഹായം നൽകുന്നുണ്ട്. ഇതിൽ 1500/- രൂപ കേന്ദ്ര സർക്കാർ വിഹിതവും, 1500/- |

| | | | |
|---|---|---|---|
| | | | രൂപ സംസ്ഥാന സർക്കാർ വിഹിതവും, 1500/- രൂപ ഗുണഭോക്തൃ വിഹിതവുമാണ്. |
| (സി) | പ്രകൃതിക്ഷോഭവും കടൽക്ഷോഭവും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് നിയന്ത്രണം ഏർപ്പെടുത്തുന്ന കാരണത്താലുണ്ടാകുന്ന വരുമാനനഷ്ടത്തിന് പരിഹാരമായി സാമ്പത്തികസഹായവും നഷ്ടപരിഹാരവും നൽകുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | (സി) | സ്ഥിരം സംവിധാനം നിലവിൽ പരിഗണനയിൽ ഇല്ല. ടൗട്ടേ ചുഴലികൊടുങ്കാറ്റിന്റെ സാഹചര്യത്തിൽ പ്രത്യേക പരിഗണന നൽകി മത്സ്യത്തൊഴിലാളികളുടെ വരുമാന നഷ്ടം പരിഹരിക്കുന്നതിനായി പ്രതിദിനം 200രൂപ നിരക്കിൽ 6 ദിവസത്തേക്ക് 1200 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ